പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4282

20.03.2018-ൽ മറുപടിയ്ക്ക്

## ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. റോജി. എം. ജോൺ<br>ശ്രീ. വി. പി. സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;<br><br>(സി) ഇതിനായുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനുള്ള ഫണ്ട് എപ്രകാരമാണ് ലഭ്യമാക്കുന്നത് ; വിശദമാക്കുമോ ? | (ബി) യും (സി) യും സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് അനുയോജ്യമായ നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കുന്നതിന് ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ നിയമിക്കുവാൻ KSIDC -യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം കൺസൾട്ടന്റിനെ നിയമിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2018 - 2019 വർഷം ടോക്കൺ പ്രൊവിഷനായി 10 കോടി രൂപ റോഡ് സേഫ്റ്റി ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ